പരമ്പരാഗത മത്സ്യബന്ധന മേഖലയിലെ തൊഴിലവസരങ്ങൾ

82 [3669] ശ്രീ. ടി. എൻ. പ്രതാപൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധന മേഖലകളിൽ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട്;

(ബി) ഏതെല്ലാം രീതിയിലുള്ള മത്സ്യബന്ധനമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ നടത്തുന്നത്;

(സി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എത്ര പേരുണ്ട്;

(ഡി) സംസ്ഥാനത്ത് പ്രതിവർഷം എന്തുതുകയ്ക്കുള്ള ഉൾനാടൻ മത്സ്യം ലഭിക്കുന്നുണ്ട്?

ഉത്തരം

(എ) 220592 പേർ.

(ബി) സാധാരണ വള്ളങ്ങളിൽ ഗിൽനെറ്റ്, വീശുവല, ഒഴുക്കുവല, ട്രാമൽവല, ചൂണ്ട എന്നിവയും യന്ത്രവത്കൃത വള്ളങ്ങളിൽ ചൂടവല, കൊല്ലിവല, താങ്ങുവല, മിനിട്രോൾ വലകൾ, ഒഴുക്കുവല, ചൂണ്ട, തട്ടുമടി, വട്ടവല തുടങ്ങിയവയും ഉപയോഗിക്കുന്നു.

(സി) ഏകദേശം 41223 പേർ.

(ഡി) ഉദ്ദേശം 300 കോടി രൂപയുടെ.

മൺസൂൺ കാലയളവിൽ സമൃദ്ധമായി കണ്ടുവരുന്ന മത്സ്യങ്ങൾ

83 [3670] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എം. മുരളി:

ശ്രീമതി രാധാരാഘവൻ:

ശ്രീ. വർക്കല കഹാർ:

,, അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൺസൂൺ കാലയളവിൽ സമൃദ്ധമായി കണ്ടുവരുന്ന മത്സ്യങ്ങളേതെല്ലാമെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly